(സി) ഉണ്ട്. മത്സ്യസമൃദ്ധി പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ വിലയിരുത്തുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള പഞ്ചായത്തുതല സ്റ്റീയറിംഗ് കമ്മിറ്റിയും ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായുള്ള സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ബഹു. ഫിഷറീസ് വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ഗൈഡൻസ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ ടി പദ്ധതി സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുന്നതിനും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഫിഷറീസ് ഓഫീസർമാർ, നോഡൽ ഓഫീസർമാർ, പ്രോജക്ട് അസിസ്റ്റന്റുമാർ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്വാർട്ടർലി റിവ്യൂ മീറ്റിംഗുകളും വാർഷിക റിവ്യൂ മീറ്റിംഗുകളും ഫിഷറീസ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതി

99 (7662) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര സിറ്റിങ്ങ് നടത്തി ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടാശ്വാസ ഇനത്തിൽ എത്ര കോടി രൂപ നൽകിയിരുന്നു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെകാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ 153 ദിവസങ്ങളിൽ സിറ്റിംഗുകളും നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി ചേർന്ന് 26 ദിവസങ്ങളിൽ സംയുക്ത അദാലത്തുകളും നടത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി ലഭിച്ച 120 കോടി രൂപയിൽനിന്നും വിതരണംചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

മത്സ്യഫെഡ് വഴിയുള്ള ഹഡ്കോ ഭവന നിർമ്മാണ വായ്പ - 5,91,30,000 രൂപ

മത്സ്യഫെഡ് വഴിയുള്ള എൻ.സി.ഡി.സി. വായ്പ - 13,15,15,914 രൂപ

LIBRARY ARCHIVES Kerala Legislative Assembly

എൻ.എം.ഡി.എഫ്.സി/എൻ.ബി.സി.എഫ്. ഡി.സി. വായ്പ- 11,78,36,928 രൂപ

സഹകരണ വകുപ്പ് രജിസ്ട്രാർ (സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പ) - 44,37,96,234 രൂപ

ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 14,23,39,258 രൂപ സുനാമി ഫണ്ടിൽനിന്ന് അനുവദിച്ചു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശപ്രകാരം സഹകരണ വകുപ്പിന് നൽകിയ തുക

100 (7663) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾവഴി എടുത്ത കടം എഴുതിത്തള്ളാൻ മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷൻ ശുപാർശചെയ്ത വകയിൽ സഹകരണ വകുപ്പിന് ഏതെല്ലാം തീയതികളിൽ എത്ര തുക നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സഹകരണവകുപ്പിന് നൽകിയ തുകയുടെ അടിസ്ഥാനത്തിൽ എത്ര തൊളിലാളികളുടെ കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകിയെന്ന് പറയാമോ ; ഇനിയും കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകാനുള്ള എത്ര കേസ്സുകൾ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ സഹകരണ സംഘങ്ങളുടെ വിഹിതമായി 113,57,68,816 രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു :

തീയതി	തുക
4-7-2011	44,37,96,234
3-4-2012	43,22,20,924
28-5-2012	6,48,00,000
28-2-2014	8,85,61,330
24-2-2014	8,10,11,318
28-2-2014	2,53,79,010
ആകെ	113,57,68,816

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly